


# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ തലം

# 2025-26

# PROFILE

| | |
|---|---|
| NAME OF SCHOOL | :A.M.L.P.SCHOOL, EDAIKKAL |
| ADDRESS | :VAZHENKADA.PO. |
| | :ANAMANGAD,PERINTHALMANNA |
| | :MALAPPURAM(Dt)PIN :679357 |
| SURVEY No. | 103/B |
| NAME OF VILLAGE | :ALIPPARAMBA |
| WARD No.& NAME | :VI. EDAIKKAL |
| NAME OF L S G D | :ALIPPARAMBA GRAMA PANCHAYATH |
| NAME OF BLOCK PANCHAYATH | :PERINTHALMANNA |
| NAME OF EDU.DISTRICT | :MALAPPURAM |
| NAME OF DISTRICT | :MALAPPURAM |
| NAME OF SUBDISTRICT | :PERINTHALMANNA |
| NAME OF B R C | :PERINTHALMANNA |
| NAME OF HEADMASTER | :SANTHA.M.V |
| NAME OF MANAGER | :ABDULKHADAR.C |
| PHONE NUMBER | :9447746084 |
| E MAIL ADDRESS | :amlpsedaikkal@gmail.com |

## അധ്യാപകർ

| തസ്തിക | എണ്ണം |
|---|---|
| HEADMASTER | 1 |
| LPSA.TEACHERS | 7 10 |
| ARABIC TEACHERS | 2 |
| TOTAL | 10 13 |

## ഭൂവിസ്തൃതി

| Village | Survey.No. | Area |
|---|---|---|
| ആലിപ്പറമ്പ് | 214/ | 40സെന്റ് |

## ക്ലാസ്സ് മുറികൾ

| കെട്ടിടത്തിന്റെ പേര് | മേൽക്കുരയുടെ തരം | നിർമ്മിച്ചവർഷം | ക്ലാസ്സ് മുറികൾ |
|---|---|---|---|
| NEW BLOCK DOWN | RCC | 2011 | 6 |
| NEW BLOCK UPSTAIR | RCC | 2011 | 6 |
| NEW BLOCK UPSTAIR | RCC | 2020 | 5 |
| OLD BLOCK | TILED | 1988 | 2 |

## ടോയ്ലററ്,മൂത്രപ്പുര

| URINAL | | | TOILET | | | ADAPTED TOILET | | |
|---|---|---|---|---|---|---|---|---|
| BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 5 | 5 | 10 | 7 | 6 | 13 | 0 | 1 | 1 |

## കുടിവെള്ളം

| കുടിവെള്ളസ്രോതസ്സ് | ടാപ്പുകളുടെഎണ്ണം |
|---|---|
| കുഴൽക്കിണർ | 16 |

# ആമുഖം

വിദ്യാഭ്യാസം ജനകീയമല്ലാതിരുന്ന ഒരു കാലത്ത് മതവിദ്യാഭ്യാസം നടത്താനുള്ള ഓത്തുപള്ളിക്കൂടമായിട്ടാണ് ഈ വിദ്യാലയത്തിന്റെ തുടക്കം. എഴുത്തച്ഛന്മാർക്കും മൊല്ലമാർക്കും സ്ക്കൂൾ തുടങ്ങാൻ സർക്കാർ അനുവാദം കൊടുത്ത കാലത്ത് 1911 ൽ സ്ക്കൂളിന് തുടക്കം കുറിച്ചു. വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും വളരെ പിന്നിലായിരുന്ന ഈ ഗ്രാമത്തിൽ ഒരു പ്രൈമറി സ്ക്കൂൾ തുടങ്ങുക എന്നത് അന്നത്തെ മാനേജർ പോക്കു മൊല്ലയുയെയും പിന്നീടു വന്ന ഉണ്ണ്യേൻമാഷുടെയും ചിരകാലാഭിലാഷമായിരുന്നു.

ആദ്യത്തെ പ്രധാനധ്യാപകനും മാനേജരുമായിരുന്ന ശ്രീ. ഉണ്ണ്യേൻമാഷിനു ശേഷം മകൻ ശ്രീ.അബ്ദുള്ള മാനേജരായി. ദീർഘകാലത്തെ ചുമതലകൾക്കുശേഷം പ്രായാധിക്യത്താൽ മാനേജർ സ്ഥാനം അനുജൻ  ചരക്കാട്ടിൽ ശ്രീ. അബ്ദുൾഖാദറിനു നൽകി .പുതിയ മാനേജർ എല്ലാ സൗകര്യങ്ങളോടും കൂടിയ പത്തു ക്ലാസ്സുറൂമുകളുള്ള ഇരുനില കെട്ടിടം നിർമ്മിച്ചു തന്നു. എല്ലാക്ലാസ്സുകളിലും വൈദ്യുതീകരിച്ച് ലൈററും ഫാനുകളും ഏർപ്പെടുത്തി തന്നു.

പി.ടി.എ യുടെയും എസ്.എസ്.ജിയുടെയും സഹകരണത്തോടെ മാനേജർ തന്നെ പത്തു യൂറിനലുകളും പത്തു ടോയ്ലററുകളും 2010 തന്നെ നിർമ്മിച്ചിട്ടുണ്ട്. സ്ക്കൂളിന് നാലു ഭാഗത്തും ചുററുമതിൽ നിർമ്മിച്ചിട്ടുണ്ട്.ഉച്ചഭക്ഷണം പാകം ചെയ്യുന്നതിന് പുതിയ പാചകപ്പുര പണിതുതന്നിട്ടുണ്ട്.    പാചകപ്പുര ടൈലിട്ട് ഡ്രൈനേജ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് വാഹനസൗകര്യങ്ങൾ ആവശ്യമായതിനാൽ മാനേജർ ബസ്സ് വാങ്ങി തന്നിട്ടുണ്ട്.

ആലിപ്പമ്പ് പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള മൈക്ക്സെറ്റ്, ലൈബ്രറി പുസ്തകങ്ങൾ, കളി ഉപകരണങ്ങൾ, പത്രം, ടോയ്ലറ്റ് സാമഗ്രികൾ, പാത്രങ്ങൾ, എന്നിവ സ്ക്കൂളിന്  മുതൽ കൂട്ടാണ്.

# ഐടി സൗകര്യങ്ങൾ

| | |
|---|---|
| printer | 2 |
| laptop | 6 |
| projector | 2 |

# library

| | |
|---|---|
| library books | 1700 |

# furniture

| | |
|---|---|
| table | 10 |
| dusk | |
| Bench | |
| chair | |
| shelf | |

# ഭക്ഷണ പാത്രങ്ങൾ

| | |
|---|---|
| davara | |
| Vattappathram | |
| bucket (Steel) | |
| bucket (aluminium) | |
| bucket (plastic) | |
| waste bucket | |
| kudukka(aluminium) | |
| plate | |
| thavi | |
| mixi | |
| kettle | |
| basin | |

ഭൗതിക സാഹചര്യങ്ങൾ

മുൻ മാനേജർ നിർമിച്ച രണ്ട് ക്ലാസ് റൂമുകളും പുതിയതായി നിർമ്മിച്ച 17 ക്ലാസ് റൂമുകളും അടക്കം 19 ക്ലാസ് മുറികളിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.എല്ലാ ക്ലാസ് മുറികളും 20 അടി നീളവും 20 അടി വീതിയും ഉണ്ട്.മൂന്ന് ഗ്ലാസ് മുറികളിൽ പ്രീ പ്രൈമറി ക്ലാസ്സുകൾ നടത്തുന്നു.

ആധുനിക സൗകര്യങ്ങളോടു കൂടിയ പാചകപ്പുരയും,കട്ടികൾക്കായി ഡൈനിങ് ഹാളും ഒരുക്കിയിട്ടുണ്ട്.മുറ്റത്ത് ഇൻറർലോക്ക് ചെയ്തിട്ടുണ്ട്.കട്ടികൾക്ക് വിനോദങ്ങളിൽ ഏർപ്പെടുന്നതിന് പ്ലേ പാർക്ക് ഉണ്ടാക്കിയിട്ടുണ്ട്.

ലൈബ്രറിയിൽ 1700 ലധികം പുസ്തകങ്ങൾ ഉണ്ട്.കട്ടികളുടെ താല്പര്യത്തിനനുസരിച്ച് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിന് മാനേജർ പ്രത്യേകം ഡിസ്പ്ലേ റാക്കുകൾ ഉണ്ടാക്കി തന്നിട്ടുണ്ട്.

ഗണിത പഠനത്തിന് ഗണിത ലാബുംശാസ്ത്ര വിഷയങ്ങളുടെ പഠനത്തിനു ശാസ്ത്രലാബും പ്രവർത്തിക്കുന്നുണ്ട്.

കുടിവെള്ളത്തിനായി വെള്ളം വറ്റാത്ത കുഴൽക്കിണറും 1000 ലിറ്റർ വീതം വെള്ളം ഉൾക്കൊള്ളുന്ന രണ്ട് ടാങ്കുകളും ഉണ്ട്.ഒരു ടാങ്ക് ബാത്റൂം ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നു.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരയും കക്കൂസും ഉണ്ട്.

ഓരോ ദിവസവും വ്യത്യസ്ത വിഭവങ്ങളോടു കൂടിയ ഉച്ചഭക്ഷണമാണ് നൽകുന്നത്.സാമ്പാർ,കടലക്കറി, സാലഡ്, മോരുകറി മുട്ടക്കറി ഉപ്പേരി അച്ചാർ തൈര് , മോര്, രസം എന്നിങ്ങനെ വിഭവങ്ങൾ മാറി നൽകാറുണ്ട്.വിശേഷ ദിവസങ്ങളിൽ പായസം കൊടുക്കാറുണ്ട്.

സ്ഥലപരിമിതി മൂലം കളിസ്ഥലമില്ല. ചുറ്റുമതിലും ചെറിയ ഒരു പൂന്തോട്ടവും ഒരുക്കിയിട്ടുണ്ട്.

. കട്ടികൾക്ക് പഠനപ്രവർത്തനങ്ങൾക്ക് മികവേകാൻ ബ്ലോക്ക് പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ ശലഭോദ്യാനം ഒരുക്കിയിട്ടുണ്ട്.

# വികസനവും പരിമിതികളും

## പരിമിതികൾ

ഒരു മാനേജ്മെന്റ് സ്കൂൾ എന്ന നിലയിൽ സർക്കാരിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പല പരിമിതികളുമുണ്ട്. അതുപോലെത്തന്നെ രക്ഷിതാക്കളിൽ നിന്ന് സാമ്പത്തികമായ സഹായം ലഭിക്കുന്നതിനും പൂർണമായ സഹകരണം കിട്ടാതെ പോകുന്നു. വിദ്യാലയത്തിന് സ്വന്തമായി വാഹനം ഉണ്ടെങ്കിലും എല്ലാ സ്ഥലത്തുനിന്നും കുട്ടികളെ കൊണ്ടുവരുന്നതിനും മെയിന്റെസ് വർക്കുകൾ നടത്തുന്നതിനും പ്രയാസം അനുഭവപ്പെടുന്നു. വിദ്യാലയത്തിൽ പഠിച്ച ധാരാളം പൂർവ്വ വിദ്യാർഥികൾ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. ഇവരെയും കൂടി വിദ്യാലയ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

## പ്രതീക്ഷിക്കുന്ന വികസനപ്രവർത്തനങ്ങൾ

വിദ്യാലയ വികസനത്തിൽ രണ്ടുതരത്തിലുള്ള കാഴ്ചപ്പാടുകളുണ്ട് അഞ്ചു വർഷത്തിനുള്ളിൽ സ്ക്കൂളിൽ ഒരു കമ്പ്യൂട്ടർ ലാബും ഉച്ചഭക്ഷണത്തിനുള്ള ഭക്ഷണപ്പുരയും മുററം ടൈൽ പതിക്കുവാനും ഉദ്ദേശിക്കുന്നു. കുട്ടികൾക്ക് കലാപരിപാടികൾ നടത്തുന്നതിന് ഒരു ഓപ്പൻ സ്റ്റേജോടു കൂടിയ ക്ലാസ്സ്റൂം പണിതുതരാമെന്ന് മാനേജർ വാഗ്ദാനം ചെയ്തിട്ടുണ്ട്. പി.ട.എ യുടെ സഹായത്തോടെ ഉച്ചഭക്ഷണ ത്തിന്നാവശ്യമായ പച്ചക്കറികൾ സ്ക്കുളിൽത്തന്നെ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു. ഐ.ടി ക്ലാസ്സുകൾ സുഗമമായി നടക്കുന്നു. എൽ.സി.ഡി. പ്രൊജക്ടർ ക്ലസ്റ്റർ ഹെഡിൽ നിന്ന് കൊണ്ടു വന്ന് ഉപയോഗിക്കുന്നു. വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് പുതിയ എൽ.സി.ഡി. പ്രൊജക്ടർ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

## സാമൂഹ്യപങ്കാളിത്വം

എല്ലാ മാസവും പി.ടി.എ യോഗങ്ങൾ ചേരുന്നു.സി.പി.ടി.എ യോഗങ്ങൾ മാസത്തിലൊരിക്കൽ കൂടാറുണ്ട്. പി.ടി.എ ജനറൽബോഡി യോഗത്തിൽ എല്ലാവരുടെയും സജീവ പങ്കാളിത്വം ഉണ്ടാകാറുണ്ട് . എസ്.എം. സി അംഗങ്ങൾ ഇടയ്ക്കിടക്ക് സ്ക്കൂൾ സന്ദർശിക്കാറുണ്ട്. മാതൃസമിതി യോഗങ്ങൾ മാസത്തിലൊരിക്കൽ കൂടാറുണ്ട് .എം.ടി.എ അംഗങ്ങൾ ഉച്ചഭക്ഷണത്തിന്നാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും സഹകരിക്കുകയും ചെയ്യാറുണ്ട്.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമമാണിത് വിദ്യാലയ വികസനത്തിന് സാമ്പത്തികമായി സഹായിക്കാൻ കഴിയുന്ന വ്യക്തികളോ സ്ഥാപനങ്ങളോ കച്ചവട ഇവിടെഇല്ല. ആലിപ്പറമ്പ് പഞ്ചായത്ത് വിദ്യാലയ വികസനത്തിൽ വലിയ തോതിൽ പങ്കുവഹിച്ചിട്ടുണ്ട് കൂടാതെ എസ്.എസ്.എ ഫണ്ടും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## അക്കാദമികം

1 2022 23 വിഷൻ നടപ്പാക്കൽ 2025-26.

(ഓരോ ക്ലാസിലെയും ഉയർന്ന ശേഷിയിലേക്ക് എല്ലാവരെയും എത്തിക്കൽ.)

2 വർക്ക് ഷീററുകൾ തയ്യാറാക്കൽ

3 വായനാ സാമഗ്രികൾ/വായനാ കാർഡുകൾ തയ്യാറാക്കൽ

4 വിവിധ മൊഡ്യൂളുകൾ സി പി ടി എ. ,പി ടി എ.... തയ്യാറാക്കൽ

5 യൂണിററ് റ്റെസ്റ്റ് ടൂളുകൾ നിരന്തര വിലയിരുത്തൽ ടൂളുകൾ തയ്യാറാക്കൽ

6 പാഠഭാഗങ്ങൾ,ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട**സാധനങ്ങൾ** വാങ്ങൽ

7 അവയുമായി ബന്ധപ്പെട്ട പവർപോയന്റ് പ്രസന്റേഷൻ തയ്യാറാക്കൽ

8 ക്ലബുകൾ ശക്തിപ്പെടുത്തൽ

9 കമ്മ്യൂണിക്കേററീവ് ഇംഗ്ലീഷിൽ പരിശീലനം

10 പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ

11 എൽ. എസ്.എസ്. എണ്ണം വർദ്ധിപ്പിക്കൽ

12 പഠനോപകരണങ്ങൾ നിർമ്മിക്കൽ

13 സഹവാസക്യാമ്പ്

14 വിവിധ മേഖലകളിൽ പഠന ക്യാമ്പുകൾ സംഘടിപ്പിക്കൽ

15 സ്കൂൾ ശാസ്ത്രോത്സവം

16 സ്കൂൾ കായികമേള

17 സ്കൂൾ മേള

18 റിസോൾസ് മാപ്പ് തയ്യാറാക്കൽ

19 ക്ലാസ്സ് മാഗസിനുകൾ വർത്താ പത്രിക പ്രസിദ്ധീകരിക്കൽ

20 സ്കൂൾ ബ്ളോഗ് ശക്തിപ്പെടുത്തൽ

21 ഫീൽഡ് ട്രിപ്പുകൾ

22 പഠന യാത്രകൾ

23 ക്വിസ് മത്സരങ്ങൾ

24 സഹായ നിധി

25 ലൈബ്രറി വിപുലപ്പെടുത്തൽ

26 എല്ലാവർക്കും പഠന സ്കോളർഷിപ്പുകൾ

27 അസംബ്ലി ശക്തിപ്പെടുത്തൽ

28 ലാബ് ശക്തീകരണം, ശാസ്ത്രം,ഗണിതം,ലാംഗ്വേജ്

29 വിലയിരുത്തൽ രേഖ തയ്യാറാക്കൽ

## സാമൂഹ്യ പങ്കാളിത്തം

1.എസ് എം സി ശാക്തീകരണം
2.കുടുംബ വായന
3.രക്ഷിതാക്കളുടെ ക്വിസ് രചന മത്സരം
4.കുട്ടികളുടെ ക്വിസ് രചന മത്സരങ്ങൾ
5.പ്രവർത്തി പരിശീലനം
6.പ്രാദേശിക പി ടി എ ശക്തിപ്പെടുത്തൽ
7.എസ് എസ് ജി ശക്തിപ്പെടുത്തൽ
8.ഗൃഹ സന്ദർശനം
9.സ്കൂൾ വാർഷികം
10.പൂർവ്വ അധ്യാപക സംഗമം
11.ആഘോഷങ്ങൾ ഓണം, പെരുന്നാൾ,ക്രിസ്മസ്
12.രക്ഷിതാക്കൾക്ക് കൈപുസ്തകം
13.ദിനാചരണങ്ങൾ ആചരിക്കൽ

## ഭൗതിക സാഹചര്യങ്ങൾ

1.പച്ചക്കറി തോട്ടം വിപുലപ്പെടുത്തൽ
2.ചുറ്റുമതിലിനോട് ചേർന്ന് ആകർഷക മരങ്ങൾ വെച്ചുപിടിപ്പിക്കൽ'.
3.ശിശു സൗഹൃദ ഇരിപ്പിടങ്ങൾ
4.ഓപ്പൺ സ്റ്റേജ്
5.സെമിനാർ ഹാൾ
6.ഐടി ലാബ്
7.ഗണിത ലാബ്
8.ശാസ്ത്ര ലാബ്
9.ഔഷധ തോട്ടം
10.കായിക പരിശീലനത്തിന് കളിമൈതാനം

# 2025-26 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

1.ഒരുക്കം

**ആമുഖം**

കുട്ടികൾ ക്ക് ശരിയായ ആശയരൂപീകര ണം നടക്കണമെങ്കിൽ മൂർത്തമായ പഠനാനുഭവങ്ങൾ ലഭ്യമാകാണം ഇതിന് ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട നിരവധി പഠന സാമഗ്രികൾ ഉപയോഗിക്കണം.

**ഉദ്ദേശ്യങ്ങൾ**

- മൂർത്തമായ പഠനാനുഭവങ്ങൾ ഒരുക്കൽ.
- ശരിയായ ആശയ രൂപീകരണം നൽകൽ
- പഠനനേട്ടം കൈവരിക്കൽ
- നിർമാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ
- എല്ലാവർക്കും 'D' ഗ്രേഡോ അതിനു മുകളിലോ കിട്ടുന്നതിനു പ്രാപ്തമാക്കൽ.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഒരുക്കം | • പ്രീടെസ്റ്റ് നടത്തി മുന്നറിവ് പരിശോധിക്കുന്നു.<br>• SRG മീറ്റിംങ്.<br>• ഓരോ പാഠത്തിനും പ്രയോജനപ്പെടുത്താവുന്ന പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു. | ജൂൺ 3,4<br><br>ജൂൺ | ക്ലാസ് ടീച്ചർ<br><br>SRG<br>ക്ലാസ് ടീച്ചർ |

| | | |
|---|---|---|
| • ഓരോ പാഠത്തിലും ഉപയോഗിക്കാവുന്ന വർക്ക് ഷീറ്റുകളുടെ മാതൃക തയ്യാറാക്കുന്ന | ജൂൺ | SRG |
| • പ്രസന്റേഷനുകൾ ധാരണയുണ്ടാക്കുന്നു | ജൂൺ | SRG |
| • പഠനോപകരണ നിർമ്മാണ ശില്പശാല നടത്തുന്നു. | ജൂൺ 18 | SRG |
| • വർക്ക് ഷീറ്റുകൾ, ടൂളുകൾ,വായന കാർഡ് തയ്യാറാക്കുന്നു. | ജൂൺ | CPTA |
| • പുസ്തകമേള | ജൂൺ | PTA |
| • ക്ലാസ് ലൈബ്രറി സജ്ജീകരണം | ജൂൺ | Class teacher |

**2.പഠനനേട്ടം കൈവരിക്കൽ**

**ആമുഖം**

എല്ലാ ക്ലാസിലും ചെറിയ ശതമാനം കുട്ടികൾ നിശ്ചിത പഠനനേട്ടം കൈവരിക്കാതെ പോകുന്നു.പഠന വേഗത കുറഞ്ഞ ഇവർക്ക് കൂടുതൽ പ്രവർത്തനങ്ങൾ നൽകിയാൽ പഠനനേട്ടത്തിൽ എത്തിക്കാൻ കഴിയും.

**ഉദ്ദേശ്യങ്ങൾ**

- പഠന വേഗത കുറഞ്ഞവർക്കും പഠന പിന്നോക്കാവസ്ഥയുള്ളവർക്കുംപിന്തുണ ഉറപ്പാക്കൽ.
- എല്ലാവർക്കും D ഗ്രേഡോ അതിനു മുകളിലോ കിട്ടുന്നതിന് പ്രാപ്തരാക്കൽ.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| * പാട്ടരങ്ങ് | * ഓരോ ക്ലാസ്സിനും അനുയോജ്യ മായ പാട്ടുകൾ തിരഞ്ഞെടുത്ത് സർഗ്ഗവേളകളിൽ അവതരിപ്പി ക്കുന്നു. | July - Feb | ക്ലാസ് ടീച്ചർ |
| * കഥയരങ്ങ് | * കഥ കേൾക്കാനും വായിക്കാനും പറയാനും അവസരം നൽകുന്നു | June - Feb | ക്ലാസ് ടീച്ചർ |
| * സംയുക്ത ഡയറി | * ഒന്ന്, രണ്ട് ക്ലാസ്സുകളിൽ | August - March | ക്ലാസ് ടീച്ചർ |
| * സർഗ്ഗാത്മക ഡയറി | * മൂന്ന്, നാല് ക്ലാസ്സുകളിൽ | July - March | ക്ലാസ് ടീച്ചർ |
| * രചനോ ത്സവം | * കഥ കവിത സ്വന്തമായി എഴുതുന്നു | December | SRG |
| * English Fest | * English Assembly | എല്ലാ ആഴ്ചയും | SRG |
| | * English Fest | | SRG |
| | ക്ലാസ് തലം | മാസത്തിൽ ഒന്ന് | |
| | സ്കൂൾ തലം | വർഷത്തിൽ ഒന്ന് | |
| * സർഗ്ഗവേള | * ക്ലാസ് തലത്തിൽ നടത്തി മികച്ചത് സ്കൂൾ തലത്തിൽ അവതരിപ്പിക്കുന്നു. | ഓരോ മാസ ത്തിലെയും അവസാന ശനിയാഴ്ച | SRG |

# III ക്യാമ്പുകൾ

## ആമുഖം

കുട്ടികൾക്ക് അവരുടെ വ്യത്യസ്തമായ അഭിരുചി മേഖലകളിൽ പ്രാവീണ്യം വർധിപ്പിക്കുന്നതിന് വിദഗ്ധരായ വ്യക്തികളെ പങ്കെടുപ്പിച്ചുള്ള ക്യാമ്പുകൾ ആവശ്യമാണ്

## ഉദ്ദേശ്യങ്ങൾ

കുട്ടികളുടെ അഭിരുചി മേഖലകൾ വികസിപ്പിക്കൽ

അനൗപചാരികമായ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

വിവിധ വിദ്യാലയങ്ങളിലെ കുട്ടികളുമായി സഹവസിക്കൽ

വിദഗ്ധരായ വ്യക്തികളുടെ ക്ലാസുകൾ ലഭ്യമാക്കൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ശാസ്ത്രം, ഗണിതം, പ്രവർത്തിപരിചയ ക്യാമ്പുകൾ | സെപ്റ്റംബർ | ക്ലബ്ബുകൾ |
| ആരോഗ്യ യോഗ ക്യാമ്പുകൾ | ഡിസംബർ | കായികാധ്യാപകൻ |
| കബ് ബുൾബുൾ ക്യാമ്പുകൾ | ഡിസംബർ | കബ് ബുൾബുൾ |
| വിദ്യാരംഗം ക്യാമ്പുകൾ | ആവശ്യാനുസരണം | വിദ്യാരംഗ കലാസാഹിത്യവേദി |

## IV സ്കൂൾ മേളകൾ

### ആമുഖം

കുട്ടികളുടെ കലാ-കായിക-ശാസ്ത്ര മേഖലകളിലെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും സ്കൂൾ മേളകൾ പങ്കു വഹിക്കുന്നു.

### ഉദ്ദേശ്യങ്ങൾ

* കുട്ടികളുടെ കലാ-കായിക-ശാസ്ത്ര മേഖലകളിലെ കഴിവുകൾ പരിപോഷിപ്പിക്കൽ.
* കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള അവസരം ഒരുക്കൽ.
* മികച്ച പ്രതിഭകളെ കണ്ടെത്തി തുടർ പരിശീലനം നൽകൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| * ശാസ്ത്രോത്സവം<br>* ഗണിത, പ്രവർത്തി പരിചയ മേള | സെപ്റ്റംബർ - ഒക്ടോബർ | ശാസ്ത്ര ക്ലബ്ബ് ക്ലബ്ബുകൾ |
| * കലാമേള | ആഗസ്റ്റ് | PTA |
| * കായികമേള | നവംബർ | PTA |

## V ഫീൽഡ് ട്രിപ്പുകൾ

### ആമുഖം

പഠന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വർക്ക് സെന്ററുകൾ, തൊഴിൽ ശാലകൾ, പ്രധാന സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശി ക്കേണ്ടതുണ്ട്. കൂടാതെ വിവിധ പഠനങ്ങൾക്കും

വിനോദങ്ങൾക്കും സാധ്യതയുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കണം

## ഉദ്ദേശ്യങ്ങൾ

പഠനസംബന്ധമായ സ്ഥാപനങ്ങൾ, പ്രദേശങ്ങൾ, തൊഴിൽ കേന്ദ്രങ്ങൾ സന്ദർശിക്കൽ

പഠന റിപ്പോർട്ടുകൾ തയ്യാറാക്കൽ

വിനോദ സാധ്യതയുള്ളതും പഠനാർഹമായതുമായ സ്ഥലങ്ങൾ സന്ദർശിക്കൽ

എല്ലാ കുട്ടികളെയും പഠനയാത്രയിൽ പങ്കെടുപ്പിക്കൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ക്ലാസ് പ്രവർത്തനങ്ങളോട് അനുബന്ധിച്ച് നടത്തുന്ന ഫീൽഡ് ട്രിപ്പുകൾ | ആവശ്യാനുസരണം | എസ് ആർ ജി |
| ലൈബ്രറി സന്ദർശനം | ജൂൺ | എസ് ആർ ജി |

# VI സമൂഹ മാധ്യമങ്ങളിലെ പ്രചരണം

## ആമുഖം

വിദ്യാലയ പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്തിക്കുന്നതിന് ബ്ലോഗ് പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. ഇതിനായിwww.amlpsedaikkalblogspotഎന്ന വിലാസത്തിൽ ബ്ലോഗ് സൈറ്റ് പ്രവർത്തിക്കുന്നു. കൂടാതെ സോഷ്യൽ മീഡിയയിലും സജീവമാണ്.

## ഉദ്ദേശ്യങ്ങൾ

വിദ്യാലയ പ്രവർത്തനങ്ങൾ യഥാസമയം സമൂഹത്തിൽ എത്തിക്കുവാൻ

# VII സ്കൂൾ ഹരിതവൽക്കരണം

## ആമുഖം

ശാന്തവും പ്രകൃതിരമണീയവുമായ സ്കൂൾ അന്തരീക്ഷം കുട്ടികളിൽ ഉന്മേഷവും പഠനോത്സുകതയും വളർത്തും.

## ഉദ്ദേശ്യങ്ങൾ

സ്കൂൾ അന്തരീക്ഷം വൃത്തിയും ശാന്തവും ആക്കൽ

സ്കൂൾ സൗന്ദര്യവൽക്കരണം നടത്തൽ

കുട്ടികളെയും രക്ഷിതാക്കളെയും ആകർഷിക്കൽ

പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് സൃഷ്ടിക്കൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| സ്കൂൾ കോമ്പൗണ്ടിൽ മരങ്ങൾ വെച്ചുപിടിപ്പിക്കൽ | ജൂൺ മുതൽ | PTA |
| മരങ്ങൾക്ക് സംരക്ഷണം, പരിചരണം | ജൂൺ മുതൽ | PTA |
| പൂന്തോട്ടം വിപുലപ്പെടുത്തൽ | ജൂൺ മുതൽ | PTA |
| ഔഷധ തോട്ടം സംരക്ഷിക്കൽ, വിപുലപ്പെടുത്തൽ | ജൂൺ മുതൽ | PTA |
| പച്ചക്കറി കൃഷി വിപുലപ്പെടുത്തൽ, സംരക്ഷണം | ജൂൺ മുതൽ | PTA |

# VIII സാമൂഹ്യ പങ്കാളിത്തം

## ആമുഖം

കുട്ടിയുടെ പഠനപ്രക്രിയയിൽ രക്ഷിതാവിന്റെ നിരന്തരമായ ഇടപെടലും പിന്തുണയും ആവശ്യമാണ്. അതിന് കൃത്യമായ പിടിഎ യോഗങ്ങൾ ചേരണം

## ഉദ്ദേശ്യങ്ങൾ

കുട്ടിയുടെ പഠന പ്രക്രിയ വിലയിരുത്തൽ

ഇടപെടൽ മേഖലകൾ തിരിച്ചറിഞ്ഞ് പഠന പിന്തുണ നൽകൽ

കുട്ടിക്ക് കൃത്യമായ പഠന നേട്ടം ഉറപ്പാക്കൽ

രക്ഷിതാവും വിദ്യാലയവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| എല്ലാ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തുക | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| ഓരോ മാസത്തെ സിപിടിഎക്കും പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കുക | മാസത്തിൽ ഒന്ന് | എസ് ആർ ജി |
| എല്ലാ മാസവും സിപിടിഎ യോഗം ചേരുക | മാസത്തിൽ ഒന്ന് | PTA |
| ഒരു വിശിഷ്ടാതിഥിയെ പങ്കെടുപ്പിക്കുക | ആവശ്യാനുസരണം | PTA |

## IX ആഘോഷങ്ങൾ

### ആമുഖം

പ്രധാന ദേശീയോത്സവങ്ങൾ, ആഘോഷങ്ങൾ, സ്കൂൾ വാർഷികം എന്നിവ സമൂഹത്തിലെ എല്ലാവരുടെയും പങ്കാളിത്തത്തോടെ ആഘോഷിക്കണം.

### ഉദ്ദേശ്യങ്ങൾ

* പ്രധാന ആഘോഷങ്ങൾ, ഉത്സവങ്ങൾ എന്നിവ സാമൂഹ്യ പങ്കാളിത്തത്തോടെ ആഘോഷിക്കൽ.
* സമുഹവും വിദ്യാലയവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ.
* മതസൗഹാർദ്ദം വളർത്തിയെടുക്കൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| * സ്വാതന്ത്ര്യ ദിനാഘോഷം | ആഗസ്റ്റ് | PTA |
| * ഓണാഘോഷം | ആഗസ്റ്റ് | PTA |
| * പെരുന്നാൾ | ജൂൺ | PTA |
| * ക്രിസ്തുമസ് | ഡിസംബർ | PTA |
| * റിപ്പബ്ലിക് ദിനാഘോഷം | ജനുവരി | PTA |
| * സ്കൂൾ വാർഷികം | ഫെബ്രുവരി | PTA |

# X വിലയിരുത്തൽ

## ആമുഖം

പഠന പ്രവർത്തനങ്ങളോടൊപ്പം നടക്കേണ്ട പ്രക്രിയയാണ് വിലയിരുത്തൽ. വിലയിരുത്തൽ തന്നെയാണ് പഠനം . കുട്ടിയുടെ എല്ലാ മേഖലയിലും വിലയിരുത്തൽ നടക്കുന്നു.

## ഉദ്ദേശ്യങ്ങൾ

നിരന്തര വിലയിരുത്തലിലൂടെ കുട്ടികൾക്കാവശ്യമായ പഠന പിന്തുണ നൽകൽ

വിലയിരുത്തലിലൂടെ പ്രക്രിയ മികവുറ്റതാക്കൽ

കുട്ടി രക്ഷിതാവ് ടീച്ചർ ഇവരുടെ വിലയിരുത്തലുകൾ രേഖപ്പെടുത്തുന്നതിനും പരസ്പരം വിശകലനം ചെയ്യുന്നതിനും

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| നിരന്തര വിലയിരുത്തൽ മേഖലകൾ നിശ്ചയിക്കുകയും വിലയിരുത്തി ഗ്രേഡുകൾ നൽകുകയും ചെയ്യുന്നു | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| പാഠവുമായി ബന്ധപ്പെട്ടതും വിജ്ഞാനവും ചേർന്നുവരുന്ന ക്വിസ് പരിപാടി നടത്തുക | ആവശ്യാനുസരണം | എസ് ആർ ജി |
| വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ | ജൂൺ | ക്ലാസ് ടീച്ചർ |
| കുട്ടികളുടെ പഠന പുരോഗതി സി പി ടി എ യിൽ ബോധ്യപ്പെടുത്തൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |

# XI പഠനത്തെളിവുകൾ

## ആമുഖം

എല്ലാ കുട്ടികളും പഠന നേട്ടം കൈവരിച്ചു എന്നറിയുന്നതിന് പഠന തെളിവുകൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കേണ്ടതുണ്ട്

## ഉദ്ദേശ്യങ്ങൾ

എല്ലാ കുട്ടികളും പഠന നേട്ടം കൈവരിച്ചു എന്ന് ഉറപ്പാക്കൽ

കുട്ടികളുടെ അക്കാദമിക നിലവാരം സമൂഹത്തിനു കാണിച്ചുകൊടുക്കൽ

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| കുട്ടിപ്പത്രം | ഒക്ടോബർ | ക്ലാസ് ടീച്ചർ |
| പത്രം തയ്യാറാക്കൽ | ആഗസ്റ്റ് മുതൽ | ക്ലാസ് ടീച്ചർ |
| ഡിജിറ്റൽ മാഗസിൻ | ഡിസംബർ | ക്ലാസ് ടീച്ചർ |
| ശാസ്ത്ര മാസിക | ജനുവരി | ക്ലാസ് ടീച്ചർ |
| രചനോത്സവം | ഒക്ടോബർ | എസ് ആർ ജി |
| ഇംഗ്ലീഷ് ഫെസ്റ്റ് | ജനുവരി | എസ് ആർ ജി |
| പഠനോത്സവം | മാർച്ച് | എസ് ആർ ജി |